**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 348** **28-10-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . എൻ . ഷംസുദ്ദീൻ,**<br>**ശ്രീ. നജീബ് കാന്തപുരം,**<br>**ശ്രീ . പി . ഉബൈദുള്ള ,**<br>**ശ്രീ എ കെ എം അഷ്‌റഫ്** | | **Shri. K. Krishnankutty**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ഇ.ബി.ക്ക് സാമ്പത്തിക ബാധ്യതയുണ്ടാകുമ്പോഴും ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കേണ്ടിവരുമ്പോഴും ഗാർഹികമുൾപ്പെടെയുള്ള വൈദ്യുതി നിരക്ക് ഉയർത്തി ഉപഭോക്താക്കളെ ബുദ്ധിമുട്ടിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. നിലവിൽ 08.07.2019-ലെ താരിഫ് ഉത്തരവു പ്രകാരമാണ് വൈദ്യുതി ചാർജ്ജ് ഈടാക്കി വരുന്നത്. ഇപ്പോൾ താരിഫ് പരിഷ്കരണ നിർദ്ദേശങ്ങളൊന്നും തന്നെ കെ.എസ്.ഇ.ബി ലിമിറ്റഡ് കമ്മീഷൻ മുമ്പാകെ നൽകിയിട്ടില്ല. വൈദ്യുതി നിയമം -2003, ദേശീയ താരിഫ് നയം -2016, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന താരിഫ് നിർണ്ണയ ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് നിരക്കുകളിൽ വ്യത്യാസങ്ങൾ വരുത്തുന്നത്. വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിരക്കുകൾ പുതുക്കുമ്പോൾ, വൈദ്യുതിയുടെ ഉൽപാദന വാങ്ങൽ ചെലവുകൾ (Generation & Power Purchase Cost), പ്രവർത്തന പരിപാലന ചെലവുകൾ (Operation & Maintenance Cost), പലിശ ചെലവുകൾ (interest and finance charges) മൂലധന ഓഹരിയുടെ മടക്ക വിഹിതം (Return on equity) തുടങ്ങിയ മൊത്തം ചെലവുകളും, നിലവിലുള്ള മൊത്തം വരുമാനവും തമ്മിലുള്ള അന്തരം കൂടി പരിഗണിച്ചാണ് നിരക്ക് തീരുമാനിക്കുന്നത്. ഇതിൽ ജീവനക്കാരുടെ ശമ്പള ചെലവുകൾ, അക്കൗണ്ടിംഗ് സമ്പ്രദായ പ്രകാരം Operation & Maintenance cost-ലാണ് കണക്കാക്കി വരുന്നത്. Operation & Maintenance Cost, സാമ്പത്തിക ബാധ്യതയുണ്ടാക്കുന്ന വൈദ്യുതി വാങ്ങൽ ചെലവ്, പലിശ ചെലവുകൾ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടെയുള്ള എല്ലാ ചെലവിനങ്ങളും സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിർണ്ണയിക്കുന്നത് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന താരിഫ് നിർണ്ണയ ചട്ടങ്ങൾ പ്രകാരമാണ്. ഇപ്രകാരം നിർണ്ണയിക്കപ്പെടുന്ന ചെലവിനങ്ങളിലുള്ള അധിക ബാധ്യത പൂർണ്ണമായും താരിഫിലൂടെ ഈടാക്കുന്നില്ല. കൂടാതെ പൊതു തെളിവെടുപ്പ് ഉൾപ്പെടെയുള്ള നടപടിക്രമം പാലിച്ച് ഉപഭോക്താക്കൾക്ക് അധികഭാരം നൽകാതെയാണ് റെഗുലേറ്ററി കമ്മീഷൻ നിരക്കുകൾ പരിഷ്കരിക്കുന്നത്. |
| (ബി) | ഭീമമായ തുക വൈദ്യുതി ചാർജ്ജ് കുടിശ്ശികയുള്ള വൻകിട ഉപഭോക്താക്കളിൽ നിന്ന് തുക പിരിച്ചെടുക്കുന്ന കാര്യത്തിൽ കെ.എസ്.ഇ.ബി. വിമുഖത കാണിക്കുന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ, 2020 മാർച്ച് മാസം മുതൽ സർക്കാർ പ്രഖ്യാപിച്ച ലോക്ക്ഡൗൺ നിയന്ത്രണ കാലങ്ങളിലെ വൈദ്യുതി ബില്ല് തുക ഒടുക്കുന്നതിൽ സർക്കാർ നിർദ്ദേശ പ്രകാരം, ഉപഭോക്താക്കൾക്ക് ഇളവുകൾ നൽകുകയും, തവണകളായി തുക അടയ്ക്കുവാനുള്ള സൗകര്യം അനുവദിക്കുകയും ചെയ്തിരുന്നു. മേൽപറഞ്ഞ ആനുകൂല്യം പ്രയോജനപ്പെടുത്തി നിരവധി ഉപഭോക്താക്കളും സ്ഥാപനങ്ങളും വൈദ്യുതി ചാർജ്ജ് അടയ്ക്കുവാൻ സാവകാശം നേടിയിട്ടുണ്ട്. ഇത് കൂടാതെ, കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ, സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ലോക്ക് ഡൗൺ മൂലം വൈദ്യുതി മോഷണം, വൈദ്യുതി സുരക്ഷാ ഭീഷണി എന്നിവ ഒഴികെയുള്ള സാഹചര്യങ്ങളിൽ വൈദ്യുതി വിച്ഛേദിക്കൽ നടപടികൾ കെ.എസ്.ഇ.ബി.എൽ നിർത്തിവയ്ക്കുകയും ചെയ്തിരുന്നു. കോവിഡിന്റെ രണ്ടാം തരംഗത്തെ തുടർന്ന് സംസ്ഥാന സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ചില ഉപഭോക്താക്കൾക്ക് ഇളവുകൾ നൽകുകയും, വൈദ്യുതിബില്ലുകൾ അടയ്ക്കുന്നതിന് തവണകൾ അനുവദിക്കുകയും, 30 സെപ്റ്റംബർ 2021 വരെ ബിൽ അടയ്ക്കുവാൻ സാവകാശം നൽകുകയും ചെയ്തിരുന്നു. എന്നാൽ വൈദ്യുതി ചാർജ്ജ് കുടിശ്ശിക ക്രമാതീതമായി വർദ്ധിച്ചതോടെ കുടിശ്ശിക വരുത്തുന്ന എച്ച്.റ്റി/ഇ.എച്ച്.റ്റി ഉപഭോക്താക്കളെ ഫോണിലൂടെ ബന്ധപ്പെട്ടും, കുടിശ്ശിക നോട്ടീസ് അയച്ചും, തവണ വ്യവസ്ഥയിൽ തുക ഒടുക്കുന്നതിനുവേണ്ട സൗകര്യം ചെയ്തുകൊടുത്തും, കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതു കൂടാതെ സർക്കിൾ ഓഫീസുകളുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി, കുടിശ്ശികക്കാരായ ഉപഭോക്താക്കളുടെ വിശദവിവരങ്ങളടങ്ങിയ ലിസ്റ്റ് തയ്യാറാക്കി എല്ലാ മാസങ്ങളിലും നൽകുന്നു. കെ.എസ്.ഇ.ബി.എൽ-ന്റെ സാമ്പത്തിക സ്ഥിതി |

| | | | |
|---|---|---|---|
| | | | അതീവഗുരുതരമായ സാഹചര്യത്തിൽ എൽ.റ്റി വിഭാഗത്തിൽ കുടിശ്ശിക വരുത്തിയ ഉപഭോക്താക്കൾക്ക് ഡിസ്കണക്ഷൻ നോട്ടീസുകൾ നൽകുകയും കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട്. കോടതി കേസുകളുമായി ബന്ധപ്പെട്ട ഉപഭോക്താക്കളുടെ കേസ് തീർപ്പുകൽപ്പിക്കുന്നതിനായി വേണ്ട വിശദാംശങ്ങൾ സമയബന്ധിതമായി നൽകിയും കുടിശ്ശിക നിവാരണ പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. |
| (സി) | ഇതിനായി സ്പെഷ്യൽ ഡ്രൈവ് നടത്തുമെന്ന പ്രഖ്യാപനം നടപ്പിലാക്കുമോ; വ്യക്തമാക്കുമോ? | (സി) | വൈദ്യുതി ചാർജ്ജ് കുടിശ്ശിക വരുത്തിയ ഉപഭോക്താക്കളിൽ നിന്നും തുക ഈടാക്കുന്നതിനായി സ്പെഷ്യൽ ഡ്രൈവ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (TRAC) ന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ